# മഹാത്മാഗാന്ധി സർവകലാശാല

നം.എഡി.എ3/2/282/2014/Admn. തീയതി : 14/08/2017

## പരിപത്രം

സൂചന: സർക്കാർ പരിപത്രം നം.പൊ ഭ വി വ ബി 3/258/2017 ഭ പൊ വി വ തീയതി 05/08/2017.

കേരള സർക്കാർ പുതിയതായി വിതരണം ചെയ്ത റേഷൻ കാർഡുകളിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 അനുശാസിക്കുന്ന മുൻഗണനാ പട്ടികയിൽ നിന്നും അനർഹരായുള്ളവരെ ഒഴിവാക്കുന്നതിലേയ്ക്കായി സർവകലാശാല ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര് ഉൾപ്പെട്ടിട്ടുള്ള റേഷൻ കാർഡുകൾ വകുപ്പ് മേധാവി പരിശോധിച്ച് വിവരം 30/08/2017 നു മുൻപായി ബന്ധപ്പെട്ട സിവിൽ സപ്ലൈസ് ഓഫീസിൽ അറിയിക്കണമെന്ന് സൂചന പ്രകാരം നിർദ്ദേശം ലഭ്യമായിട്ടുണ്ട്. ആയതിനാൽ സർവകലാശാലയിലെ എല്ലാ അധ്യാപകരും/ അനധ്യാപകരും/പെൻഷൻ കൈപ്പറ്റുന്നവരും തങ്ങളുടെ പേര് ഉൾപ്പെട്ടിട്ടുള്ള റേഷൻ കാർഡ് പകർപ്പ് സഹിതം ബന്ധപ്പെട്ട ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന സെക്ഷനുകളിൽ (Ad A I/II/III/IV/V /VIII) 20/08/2017 നു മുൻപായി നിർബന്ധമായും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മതിയായ കാരണമില്ലാതെ റേഷൻ കാർഡ് ഹാജരാക്കാത്ത ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.

ജോലിക്കാര്യം മറച്ചുവച്ചോ അബദ്ധവശാലോ മുൻഗണനാപട്ടികയിൽ കടന്നു കൂടിയ ജീവനക്കാരുടെ വിവരങ്ങളും റേഷൻ കാർഡ് സംബന്ധിച്ചും / റേഷൻ കാർഡ് ഇല്ലെങ്കിൽ അക്കാര്യം സംബന്ധിച്ചുള്ള സത്യവാങ്മൂലവും പരിശോധനയ്ക്കായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നൽകേണ്ടതുണ്ട്.

ഒപ്പ്
**അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭ വി)**
**രജിസ്ട്രാർക്കു വേണ്ടി**

<u>പകർപ്പ് :</u>

1) **എല്ലാ സെക്ഷനുകളും** ഡിപ്പാർട്ടുമെന്റുകളും/സ്കൂളുകൾ/സെന്ററുകൾ/എഞ്ചിനീയറിംഗ് യൂണിറ്റ്/യൂണിവേഴ്സിറ്റി ലൈബ്രറി/NSS പ്രോഗ്രാം കോ ഓർഡിനേറ്റർ /ഡി സി ഡി സി
2) പി.എസ്സ് റ്റു വി.സി./പി.വി.സി.
3) പി.എ റ്റു രജിസ്ട്രാർ/എഫ്.ഒ./സി.ഇ.
4) ഇ.ഒ./എല്ലാ എ ആർ/ ഡി ആർ / ജെ ആർ - മാർക്കും
5) പി.ആർ.ഒ./എഫ്.സി.സി./.ഐ.ക്യൂ.എ.സി
6) സി എം എസ് (വെബ് സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)
7) നോട്ടീസ് ബോർഡ്.
8) സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി.

**പരസ്യപ്പെടുത്താൻ അനുവദിച്ചത്**

**സെക്ഷൻ ഓഫീസർ**

# സത്യവാങ്മൂലം

കേരള പൊതുവിതരണ വകുപ്പിന്റെ 05/08/2017 ലെ ബി 3/258/2017 -ാം നമ്പർ സർക്കുലർ പ്രകാരം

നിലവിൽ എന്റെ പേര് കേരളത്തിൽ ഒരിടത്തുമുള്ള റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ലെന്നും, ഭാവിയിൽ എന്റെ പേര് ഏതെങ്കിലും റേഷൻ കാർഡിൽ ചേർക്കപ്പെടുകയാണെങ്കിൽ ആ വിവരം ഓഫീസ് മേധാവിയെ അറിയിക്കുന്നതാണെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

മേൽ വിവരം സത്യവിരുദ്ധമാണെന്ന് തെളിയുന്ന പക്ഷം അച്ചടക്കനടപടി നേരിടാൻ ഞാൻ തയ്യാറാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

പേര് :

സ്ഥലം :

ഒപ്പ് :

തീയതി :

തസ്തിക :

സ്ഥാപനം :

# സത്യവാങ്മൂലം

കേരള പൊതുവിതരണ വകുപ്പിന്റെ 06/08/2017 ലെ ബി 3/258/2017 -ാം നമ്പർ സർക്കുലർ പ്രകാരം

എന്റെ പേരുൾപ്പെട്ട ………………………………………………………………….. താലൂക്ക് സപ്ലൈ ഓഫീസ് / സിറ്റി റേഷനിംഗ് ഓഫീസിൽ നിന്നും അനുവദിക്കപ്പെട്ടിട്ടുള്ള റേഷൻ കാർഡ് നാൾ ഇതുവരെ കൈപ്പറ്റിയിട്ടില്ലെന്നും അതു കൈപ്പറ്റിയാലുടൻ തന്നെ ആ വിവരം ഓഫീസ് മേധാവിയെ അറിയിക്കുന്നതാണെന്നും ഇതിനാൽ സത്യപ്രസ്തവന ചെയ്യുന്നു.

മേൽ വിവരം സത്യവിരുദ്ധമാണെന്ന് തെളിയുന്ന പക്ഷം അച്ചടക്കനടപടി നേരിടാൻ ഞാൻ തയ്യാറാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

പേര് :

ഒപ്പ് :

സ്ഥലം :

തസ്തിക :

തീയതി :

സ്ഥാപനം :